# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ക്രിസ്മസ് പരീക്ഷ 2018-2019

**ക്ലാസ്സ് : VII** **സമയം : 2 മണിക്കൂർ**

**തീയതി : 09-12-2018** **മാർക്ക് : 70**

**I. പദപ്പെട്ടിയിൽനിന്ന് ഉത്തരം എടുത്തെഴുതുക** **5**

| |
|---|
| കുടുംബം, കാനായിലെ കല്യാണം, ഹീബ്രു, ദൈവം, നീതി |

1. സത്യത്തിന്റെ പൂർണ്ണത.
2. ഈശോയുടെ ആദ്യത്തെ അത്ഭുതം.
3. ഓരോരുത്തർക്കും അവകാശപ്പെട്ടത് നല്കാൻ പ്രേരിപ്പിക്കുന്ന പുണ്യം.
4. സഭയുടേയും സമൂഹത്തിന്റെയും നട്ടെല്ല്.
5. ഏതു ഭാഷയിലാണ് പഴയ നിയമം എഴുതപ്പെട്ടത്?

**II. പൂരിപ്പിക്കുക** **5**

6. എത്ര വലിയ സഹനത്തിലും ഒരു മനസ്സും ശരീരവുമായി കഴിയേണ്ടവരാണ് ...................
7. രണ്ട് പേർ തമ്മിൽ ശത്രുതയോ കലഹമോ ഉണ്ടാക്കുക എന്നതാണ് ...................... പറയുന്നതിന്റെ ഉദ്ദേശ്യം.
8. വി. മരിയഗൊരേത്തിയെ വിശുദ്ധയായി പ്രഖ്യാപിച്ച മാർപാപ്പ ................ ആണ്.
9. നമ്മുടെ നീതിബോധത്തിന്റെ അടിസ്ഥാനം .......ഉം സാഹോദര്യവുമാണ്.
10. മനുഷ്യജീവന് എതിരെയുള്ള ആക്രമണങ്ങളിൽ ഏറ്റവും നീചവും മനുഷ്യത്വരഹിതവുമായത് .................. ആണ്.

**III. ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 11. വി. അലോഷ്യസ് ഗോൺസാഗ | - | അൾത്താരബാലന്മാർ |
| 12. വി. മരിയ ഗൊരേത്തി | - | കത്തോലിക്കാസഭ |
| 13. വിശുദ്ധരുടെ പൂന്തോട്ടം | - | ദൈവം |

14. ജീവന്റെ ഉടമസ്ഥൻ - പാപത്തെക്കാൾ മരണം

15. വി. ജോൺ ബർക്കുമാൻസ് - ഈശോ സഭ

## IV. ശരിയോ, തെറ്റോ എന്ന് എഴുതുക 5

16. മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് അനുവാദമില്ലാതെ കടന്നു ചെല്ലുവാൻ ആർക്കും അവകാശമില്ല.

17. സൃഷ്ടവസ്തുക്കൾ ന്യായമായ രീതിയിൽ സ്വന്തമാക്കാനും അനുഭവിക്കാനും വ്യക്തികൾക്ക് അവകാശമുണ്ട്.

18. സത്യസന്ധതയ്ക്ക് എതിരായ തിന്മയല്ല കോപ്പിയടി.

19. യുവാക്കളുടെ മദ്ധ്യസ്ഥൻ വി. ഫ്രാൻസീസ് സേവ്യർ ആണ്.

20. നിസ്വാർത്ഥ സ്നേഹമാണ് കുടുംബബന്ധത്തിന് അടിത്തറയാകേണ്ടത്.

## V. ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

21. ലൈംഗികതയുടെ അടിസ്ഥാനം എന്താണ്?

22. ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യസംരക്ഷണം ആരുടെ കടമയാണ്?

23. ത്രികാലജപത്തെ പ്രകീർത്തിച്ച് 'മരിയവണക്കം' എന്ന പ്രബോധനരേഖ പുറപ്പെടുവിച്ച പാപ്പ?

24. സീറോ മലബാർ സഭയുടെ ആസ്ഥാനം?

25. ആണ്ടിലൊരിക്കലെങ്കിലും കുമ്പസരിക്കുക, പെസഹാക്കാലത്ത് കുർബാന സ്വീകരിക്കുക എന്നിവ നിർബന്ധമാക്കിയ പാപ്പ?

## VI. ബൈബിളിൽനിന്ന് ഉദ്ധരിക്കുക 5

26. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന് വ്യക്തമാക്കുന്ന വചനം കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽനിന്ന് (1കോറി 3:16).

27. നീതിപൂർവ്വം പ്രവർത്തിക്കാത്തവരോട് വിധിദിവസത്തിൽ ഈശോ പറയുന്ന വചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (വി. മത്താ 7:23).

## VII. ഉത്തരമെഴുതുക

28. മനുഷ്യജീവന്റെ മഹത്വത്തിന് നിദാനമായിട്ടുള്ളത് എന്ത്? **2**

29. വി. അലോഷ്യസ് ഗോൺസാഗാ മാതാവിന്റെ അൾത്താരയ്ക്ക് മുമ്പിൽ വച്ച് എടുത്ത പ്രതിജ്ഞ എന്ത്? **2**

30. വി. മരിയ ഗൊരേത്തിയുടെ മാതാപിതാക്കൾ ആരെല്ലാം? ജീവിതസന്ദേശം എഴുതുക? **3**

31. ലഹരി വസ്തുക്കളുടെ ഉപയോഗം തിന്മയാണ്. എന്തുകൊണ്ട്? **3**

32. "ഭ്രൂണഹത്യ കൊലപാതകവും ജീവദാതാവായ ദൈവത്തോടുള്ള വെല്ലുവിളിയുമാണ്." കാരണമെന്ത്? **3**

33. കുറിപ്പെഴുതുക: സ്വകാര്യസ്വത്ത്, പൊതുസ്വത്ത്. **4**

34. മനസ്താപപ്രകരണം എഴുതുക. **5**

35. ലൈംഗികവിശുദ്ധി എന്നാൽ എന്ത്? ലൈംഗികവിശുദ്ധി പ്രാപിക്കാൻ കുട്ടികളായ നിങ്ങൾ എന്തെല്ലാം ചെയ്യും? **5**

36. ആധുനിക ലോകത്തിൽ കുടുംബബന്ധങ്ങൾ തകരാറിലാകുന്നതിന്റെ പ്രധാന കാരണങ്ങൾ ഏവ? തകർച്ചയുടെ വക്കിലെത്തിയ ഒരു കുടുംബത്തെ രക്ഷിക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **6**

37. സത്യത്തിന് സാക്ഷ്യം വഹിക്കുക എന്നതാണ് ക്രൈസ്തവരായ നമ്മുടെ ദൗത്യം. സത്യത്തിന് വിരുദ്ധമായ തിന്മകൾക്കെതിരെ നിങ്ങളുടെ പ്രതികരണമെന്തെന്ന് വ്യക്തമാക്കുക? **7**

---